## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3190**      **14.03.2018-ൽ മറുപടിയ്ക്ക്**

## കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സണ്ണി ജോസഫ്<br>'' കെ. മുരളീധരൻ<br>'' കെ.സി.ജോസഫ്<br>''കെ.എസ്.ശബരീനാഥൻ | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി കാര്യത്തിൽ സംസ്ഥാന സർക്കാർ തീരുമാനം എടുക്കാത്ത സാഹചര്യത്തിൽ ഡി.എം.ആർ.സി. അതിന്റെ ഓഫീസ് പ്രവർത്തനം അവസാനിപ്പിച്ചതായി അറിയിച്ചിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത പദ്ധതി വൈകുന്നതിൽ ശ്രീ.ഇ.ശ്രീധരൻ അതൃപ്തി അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതൃപ്തി അറിയിച്ചിട്ടും ആവശ്യമായ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ ജോലികൾ വൈകുന്നതിലുള്ള ആശങ്ക ഡി.എം.ആർ.സി - യുടെ മുഖ്യ ഉപദേഷ്ടാവ് അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ നയത്തിന് അനുസൃതമായി ഡി.എം.ആർ.സി പുതുക്കി സമർപ്പിച്ച ലൈറ്റ് മെട്രോ പദ്ധതിയുടെ രൂപരേഖ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത രേഖ പരിശോധിക്കുന്നതിന് ധനകാര്യ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. സമിതിയുടെ പരിശോധനയ്ക്ക് ശേഷം സംസ്ഥാന സർക്കാർ അംഗീകാരത്തോടെ കേന്ദ്രാനുമതിക്കായി സമർപ്പിക്കുന്നതാണ്. |
| (സി) കോഴിക്കോടിന്റെ വികസനകുതിപ്പിനും നഗരത്തിലെ ഗതാഗത കുരുക്കിനും പരിഹാരമാകുമായിരുന്ന ഈ പദ്ധതിയോട് അവഗണന കാണിക്കുന്നതെന്തുകൊണ്ടാണെന്ന് അറിയിക്കുമോ? | (സി) ലൈറ്റ് മെട്രോ പദ്ധതിയോട് സർക്കാർ അവഗണന കാണിച്ചിട്ടില്ല. ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയായതിനാൽ കേന്ദ്രസർക്കാരിന്റെ |

അനുമതി ലഭ്യമായ ശേഷം, പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ